**A brief useful note about the first procession on the Good Friday service.**

Rev.Fr. Jose Daniel Paitel USA. paitelachen@gmail.com.

# ദുഖ:വെള്ളിയാഴ്ചയിലെഒന്നാം പ്രദിക്ഷിണത്തേക്കുറിച്ച്

പരിശുദ്ധ സഭയിലെ പ്രദിക്ഷിണങ്ങൾക്കുള്ള തയ്യാറെടുപ്പുകളും ആഘോഷങ്ങളും ഒഴിവാക്കിക്കൊണ്ടാണു് ദുഖ:വെള്ളിയാഴ്ച യിലെ ഒന്നാം പ്രദിക്ഷിണം നടത്തുന്നതു്. അന്നു് പ്രഭാത നമസ്ക്കാരം മുതൽ തന്നെ ധൂപക്കുറ്റി വീശുന്നതിനു് മാത്രമുള്ള ഒരു ശുശ്രൂഷകൻ മാത്രം ശുശ്രൂഷക്കുപ്പായം ധരിച്ചിരിക്കണം. മറ്റു ശുശ്രൂഷകർക്കു് സാധാരണ വസ്ത്രം ധരിച്ചുകൊണ്ടു് പ്രാർഥനകളിൽ സംബന്ധിക്കാം.

പ്രദിക്ഷിണം മശിഹായുടെ ദൈവത്വത്തിന്റെ മഹത്വം പ്രശോ ഭിപ്പിക്കാതെ മറച്ചുകൊണ്ടുള്ളതും, കർത്താവിന്റെ ഗോഗുൽത്താ യിലേക്കുള്ള യാത്രയുടെ സൂചകവും ആകുന്നതുകൊണ്ടു് അ തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നതിനു് പര്യാപ്തവുമായി രിക്കണം. ആ

പ്രദിക്ഷിണത്തിൽ കുരിശുവഹിക്കുന്ന ഒരു പട്ട ക്കാരനോ കുരിശുവഹിക്കുന്ന ഒരുമേല്പട്ടക്കാരനോ അല്ലാതെ മറ്റു പട്ടക്കാരും, മേൽ പട്ടക്കാരും ശെമ്മാശ്ശന്മാരും തങ്ങളുടെ കറുത്ത കുപ്പായങ്ങൾ അല്ലാതെ മറ്റുള്ള അംശവസ്ത്രങ്ങൾ ധരിച്ചുകൂടാ. ശുശ്രൂഷകന്മാരാരും തങ്ങളുടെശുശ്രൂഷക്കുപ്പായവും ധരിക്കരുതു്. ഈപ്രദിക്ഷിണം എല്ലാ മുൻപതിവുകൾക്കും വിപരീതമായി ഇടതുവശത്തേ വാതിലിൽ കൂടി ഇറങ്ങി പടിഞ്ഞാറോട്ടു് ഒരു പ്രദിക്ഷിണം മാത്രം വച്ചു് വലതുവശത്തേ വാതിലിൽ കൂടി അകത്തു പ്രവേശിക്കുന്നതുമാണു്. ഈ പ്രദിക്ഷിണത്തിൽ ധൂപക്കുറ്റി, കുട, കൊടി, മേല്ക്കട്ടി കുരിശു്. കിലുക്കുമണി മറുബഹസാ എന്നിവ ഉപയോഗിക്കുവാൻ പാടു ള്ളതല്ല. വലിയപള്ളിമണിയും ദുഖ:മണിയായിട്ടാണെങ്കിലും അടിച്ചുകൂടാ.

ക്രൂശീകരണത്തിനു ശേഷം കർത്താവിന്റെ ശരീരം മൂന്നു മണി ക്കൂർ നേരം ക്രൂശിൽ തൂങ്ങിക്കിടന്നു എന്നതുകൊണ്ടു് അത്രയും

സമയത്തിനു ശേഷമാകും സ്ളീബാആരാധനാ ശുശ്രൂഷകൾ ആരംഭിയ്ക്കുന്നതു്. ഈ ദിവസങ്ങളിലെ ഒരു പ്രാർഥനകളും ചൊല്ലാതെ വിട്ടുകളയരുതു്.

എന്നാൽ ദുഖ:വെള്ളിയാഴ്ചയിലെ സ്ളീബാആരാധനയ്ക്കു ശേഷംനടത്തുന്നരണ്ടാംപ്രദിക്ഷിണംഎല്ലാവിധമായആഘോഷങ്ങളോടുംകൂടി നടത്തുന്നതുമാണു്.ദുഖ:വെള്ളിയാഴ്ചകളിലെ ശുശ്രൂഷകളിൽ ഗായകസംഘങ്ങൾ അവരുപയോഗിക്കുന്ന ഓർഗനും മറ്റും ഉപയോഗിക്കാതെയും ഒഴിവാക്കിയും ശുശ്രൂഷകളുടെ ഭക്തി വർദ്ധിക്കുന്നതിനു് അനുയോജ്യമായി മാത്രം ഗീതങ്ങൾ ആലപിക്കണം. ദുഖ: വെള്ളിയാഴ്ചകളിലേയും ഹാശാ ആഴ്ചകളിലേയും ഗീതങ്ങളുടെ റെക്കോർഡു ചെയ്ത സീഡീകൾ വില്പന നടത്തുന്നവരും അക്കാര്യം ശ്രദ്ധിക്കുന്നതു് നന്നായിരിക്കും. വിശ്വാസികൾക്കു് ഇക്കാര്യത്തിലുള്ള ആശയവികല്പം ഒഴിവാക്കാ നാണു` ഇതെഴുതുന്നതു്.